**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 890** **11-02-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസികൾക്കിടയിലെ ആത്മഹത്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എം. വിൻസെന്റ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആദിവാസികൾക്കിടയിൽ ആത്മഹത്യ വർധിക്കുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പട്ടികവർഗ്ഗ മേഖലകളിൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗമാണ് ആത്മഹത്യയുടെ പ്രധാന കാരണമായി കണ്ടുവരുന്നത്. പട്ടികവർഗ്ഗക്കാർക്കിടയിലുള്ള ലഹരി ഉപയോഗം മൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ച് പോലീസ്, എക്സൈസ് വകുപ്പ്, മറ്റ് സന്നദ്ധ സംഘടനകൾ മുഖേന ബോധവൽക്കരണ ക്ലാസ്സുകൾ നൽകിവരുന്നുണ്ട്. കൂടാതെ കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ വ്യക്തികൾക്ക് ആത്മവിശ്വാസം വർധിപ്പിക്കുന്നതിനും കുടുംബ ബന്ധത്തിന്റെ ഭദ്രതയെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നുണ്ട്. വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ കോഴിക്കോട് ഇംഹാൻസ് മുഖേന ആവശ്യമുള്ള ചികിത്സയും കൗൺസിലിംഗും മാനസിക പിന്തുണയും നൽകിവരുന്നു. ഊരുകൂട്ടങ്ങളിലും ഊരുകൂട്ട സെമിനാറുകളിലും പട്ടികവർഗ്ഗ നഗറുകൾ കേന്ദ്രീകരിച്ച് നടത്തുന്ന വിവിധ യോഗങ്ങളിലും സെമിനാറുകളിലും പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ മാനസിക പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും പരിഹരിക്കുന്നതിനും പര്യാപ്തമായ തലത്തിലുള്ള ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടുത്തുന്നു. കാസർഗോഡ് ജില്ലയിൽ പരപ്പ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ അധികാര പരിധിയിൽ 2022-23 സാമ്പത്തിക വർഷം മുതൽ പട്ടിക വർഗ്ഗ കുടുംബങ്ങളുടെ ആരോഗ്യ-മാനസിക പ്രശ്നങ്ങളിൽ ഇടപെടൽ നടത്തുന്നതിന് സഞ്ജീവനി എന്ന പേരിൽ ഒരു പ്രോജക്ട് നടപ്പിലാക്കിവരുന്നു. തൃശ്ശൂർ ജില്ലയിൽ പട്ടികവർഗ്ഗ നഗറുകളിൽ അടുത്ത കാലത്തായി മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കാരണം ആത്മഹത്യ പ്രവണത കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ടി വിഷയത്തിൽ |

| | | | |
|---|---|---|---|
| | | | **ജില്ലാകളക്ടർ, എക്സൈസ്, പൊലീസ് വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടി സ്വീകരിച്ച് വരികയും ചെയ്യുന്നു. കൂടാതെ പുറമെ നിന്നും ലഹരി വസ്തുക്കൾ പട്ടികവർഗ്ഗ നഗറിനകത്തേക്ക് പ്രവേശിക്കുന്നത് തടയുന്നതിനും എക്സൈസ്, പൊലീസ് വകുപ്പുകളുടെ പട്രോളിംഗ് സംവിധാനം ഉറപ്പ് വരുത്തുന്നു.** |
| (ബി) | തിരുവനന്തപുരം ജില്ലയിൽ 2024-ൽ മാത്രം 23 ആദിവാസികൾ ആത്മഹത്യ ചെയ്തതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **തിരുവനന്തപുരം ജില്ലയിൽ പട്ടികവർഗ്ഗ മേഖലകളിൽ വർദ്ധിച്ചുവരുന്ന ആത്മഹത്യ പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (സി) | പ്രസ്തുത വിഷയത്തിൽ അടിയന്തര ഇടപെടൽ നടത്താൻ തയ്യാറാകുമോ? | (സി) | **പ്രസ്തുത വിഷയത്തിൽ തദ്ദേശ സ്വയംഭരണം, എക്സൈസ്, ആരോഗ്യം, വിദ്യാഭ്യാസം, പോലീസ്, വനം തുടങ്ങിയ വിവിധ വകുപ്പുകളുമായി ചേർന്ന് സംയോജിത ഇടപെടലുകൾ വിവിധ തലങ്ങളിൽ നടത്തിവരുന്നു.** |

സെക്ഷൻ ഓഫീസർ